തീവ്രവാദ പ്രവർത്തനത്തെ നേരിടാൻ നടപടി

19 [*166] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എ. കെ. ബാലൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനം ശക്തമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തീവ്രവാദ പ്രവർത്തനത്തെ നേരിടാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനം നടക്കുന്നതായി കേന്ദ്രത്തിൽ നിന്നും ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) വിദേശ ധനം ലഭിക്കുന്ന ഏതെല്ലാം തീവ്രവാദ സംഘടനകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മതതീവ്രവാദികളുടെയും മറ്റുള്ളവരുടെയും തീവ്രവാദ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) മത തീവ്രവാദികളുടെയും മറ്റുള്ളവരുടെയും തീവ്രവാദപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്നും മറ്റും നിരീക്ഷിക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) വിദേശ ധനം ലഭിക്കുന്ന തീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly